©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2026 സെപ്റ്റംബർ 05<br>05th September 2026<br>1202 ചിങ്ങം 20<br>20th Chingam 1202<br>1948 ഭാദ്രം 14<br>14th Bhadra 1948 | നമ്പർ<br>No. | 2421 |

### ഫോറം നമ്പർ 7
### ചട്ടം 18(1) കാണുക
### വിജ്ഞാപനം

DCTSR/4756/2020-E4 *2026 സെപ്തംബർ 02*

കേരള സർക്കാർ 04/12/2015 തീയതിയിലെ സർക്കാർ ഉത്തരവ്(അച്ചടി) നമ്പർ 649/2015/ആർ.ഡി. വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ (എൽ.എ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും,

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും,ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് തൃശ്ശൂർ ജില്ല, തലപ്പിളി താലൂക്കിൽ ഏളനാട് വില്ലേജിൽ പഴയന്നൂർ, ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവകാശ ആക്ട് 11-ാം വകുപ്പ് (1) –ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നും വിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപ്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ, ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ(എൽ.എ) ജനറൽ, തൃശ്ശൂർ മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപ്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ ആക്ഷേപങ്ങൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന്റെ "www.thrissur.nic.in" എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയതിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.

## പട്ടിക

ജില്ല -തൃശ്ശൂർ

താലൂക്ക്-തലപ്പിള്ളി വില്ലേജ്-എളനാട്

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ക്രമ നമ്പർ | സർവ്വെ നമ്പർ | സബ് ഡിവിഷൻ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണം (ഹെ.-ആർ.ച-മീ) | ഏത് പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കാനുള്ള കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | | | | | | | 1. എം.എം. സുഹറ, W/o മജീദ്, വേശക്കാരൻ, എളനാട്, മുതൽപേർ |
| 2 | | | | | | | 2. നിഷാദ് വി.എം. S/o മജീദ്, വേശക്കാരൻ, എളനാട് |
| 3 | 1042 | | പുരയിടം | 0.9916 | പഴയന്നൂർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് നിർമ്മാണം | | 3. മുഹമ്മദ് ഷിജാദ്, S/o മജീദ്, വേശക്കാരൻ, എളനാട് |
| 4 | | | | | | | 4. മുഹമ്മദ് റാഫിദ് S/o മജീദ്, വേശക്കാരൻ, എളനാട് |
| 5 | | | | | | | 5. ചെയർമാൻ, കനിവ് ചാരിറ്റബിൾ ട്രസ്റ്റ്, മുതൽപേർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

തൃശൂർ ജില്ലാ തലപ്പിള്ളി താലൂക്ക് എളനാട് വില്ലേജിൽ പഴയന്നൂർ ബസ്സ്റ്റാൻഡ് നിർമ്മാണത്തിനു വേണ്ടി സർവ്വേ നമ്പർ 1042 ഇൽ പെട്ട 0.9916 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത് . കേരളത്തിന്റെ വികസനത്തിന് ജനങ്ങളുടെ ഗതാഗതത്തിന് പരമപ്രധാനമായ പങ്കാണുള്ളത് .അനുയോജ്യമായാ അടിസ്ഥന സൗകര്യ വികസനം സാമൂഹിക സാമ്പത്തിക സുസ്ഥിര വികസനത്തിന്റെ നെടും തൂണാണ് പഴയന്നൂർ ബസ്സ്റ്റാൻഡ് നിർമിക്കുന്നത് പഴയന്നൂർ ഗ്രാമപഞ്ചത്തിലുൾപ്പെട്ട എളനാട് വില്ലേജിലാണ് .തികച്ചും ഗോത്ര ഗ്രാമീണ മേഖലയായ എളനാടിനെ ഈ പദ്ധതി തൃശൂർ - പാലക്കാട് ജില്ലകളുമായി ബന്ധിപ്പിക്കുക വഴി എളനാടിന്റെ സമഗ്രമായ വികസനത്തിനും പുരോഗതിക്കും പദ്ധതി കാരണമാക്കുകയാണ് . എളനാട് മേഖലയിയ്ക്ക് വരുന്ന ബസ്സുകൾക്ക് സുഗമമായി പാർക്ക് ചെയ്യുവാൻ നിലവിൽ യാതൊരു അടിസ്ഥാന സൗകര്യവും മേഖലയിൽ ഇല്ലാത്തതിനാൽ ഗതാഗത പ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമാകുന്നതു ഈ പദ്ധതി മൂലം ശ്വാശ്വത പരിഹാരമാക്കുന്നതാണ് . എളനാട് ബസ്സ്റ്റാൻഡ് യാഥാർത്യമാകുക വഴി മലയോര ഗ്രാമമായ നാടിൻറെ വികസനത്തിനും ഗതാഗതത്തിനും വളരെ അനുയോജ്യമാണ് . .കൂടാതെ പദ്ധതി പ്രദേശത്തെ വ്യാപാര വാണിജ്യ വിനോദ വിദ്യാഭ്യാസ മേഖലയെ ത്വരിതപ്പെടുത്തുന്നതിനാലും ജനോപകാരപ്രദമായതിനാലും പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ് .

(ഒപ്പ്)

ജില്ലാകളക്ടർ *തൃശ്ശൂർ*

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

തൃശ്ശൂർ ജില്ല, തലപ്പിളി താലൂക്കിൽ ഏളനാട് വില്ലേജിൽ പഴയന്നൂർ, ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ടി 0.9916 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിന് വേണ്ടി സെക്രട്ടറി പഴയന്നൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.05 06:21:54 +05:30